



# ദലിത് മുസ്‌ലിം ഇനി അപരൻ

കവർസ്റ്റോറി
●
വി.എം ഹസനുൽ ബന്ന

**“ഇസ്‌ലാമും** ക്രിസ്തുമതവും ജാതിവ്യവസ്ഥയെയോ തൊട്ടുകൂടായ്മയെയോ അംഗീകരിക്കുന്നില്ലെങ്കിലും ഇന്ത്യയിൽ നിലവിലുള്ള യാഥാർഥ്യം വ്യത്യസ്തമാണ്. പട്ടികജാതിയിൽനിന്ന് ഇസ്‌ലാമിലേക്കും ക്രിസ്തുമതത്തിലേക്കും മതപരിവർത്തനം ചെയ്തവരെല്ലാം ഇന്ത്യൻ സമൂഹത്തിന്റെ ഭാഗമായി നിലനിൽക്കുന്നേടത്തോളം ജാതിയും തൊഴിലുമായി ബന്ധപ്പെട്ട് തൊട്ടുകൂടായ്മയുൾപ്പെടെയുള്ള അയോഗ്യതകൾക്ക് വിധേയരാണെന്ന വാദമുയർത്തുന്നത് മുസ്‌ലിംകൾക്കും ക്രിസ്ത്യാനികൾക്കും പട്ടികജാതി പദവി വേണമെന്ന് ആവശ്യപ്പെടുന്നവർ തന്നെയാണ്.” രണ്ടര വർഷത്തിന് ശേഷം പാർലമെന്റിൽ സമർപ്പിച്ച ജസ്റ്റിസ് രംഗനാഥ മിശ്ര കമീഷൻ റിപ്പോർട്ടിലെ ഒന്നാം വാള്യത്തിന്റെ 142-ാം പേജിൽ രേഖപ്പെടുത്തിയ വരികളാണിത്.

ഇത്തരം താഴ്ന്ന 'ജാ … തി'ക്കാർ കോടതികളിൽ സ
മർപ്പിച്ച വാദങ്ങളിൽ ഇത് … ആവർത്തിക്കുന്നുണ്ടെന്നും
റിപ്പോർട്ടിന്റെ മറ്റൊരു ഭാഗ … ത്ത് കമീഷൻ വ്യക്തമാക്കു
ന്നു. ഉന്നത ജാതി ഹിന്ദുക്ക … ളിൽനിന്ന് മാത്രമല്ല, ചർച്ച്,
മസ്ജിദ് പോലുള്ള മതസ്ഥാ … പനങ്ങളിലും ജാതിവിവേച
നം അനുഭവിക്കുന്നുണ്ടെന്ന് … മതംമാറിയവർ സാക്ഷ്യപ്പെ
ടുത്തുന്നു. ഈ വാദം മുഖ … വിലക്കെടുക്കുന്ന മിശ്ര ക
മീഷൻ ഇരുകൂട്ടർക്കും പട്ടി … ക ജാതി പദവി പതിച്ചു ന
ൽകും മുമ്പ് ഈ മതസമു … ദായങ്ങളോട് നടത്തുന്ന അ
ഭ്യർഥന കൂടി ഒന്നാം വാള്യ … ത്തിലെ 162-ാം പേജിലു
ണ്ട്. തൊട്ടുകൂടായ്മയും ജാ … തിവ്യവസ്ഥയും അനുവദി
ക്കാത്ത ഒരു മതത്തിനുള്ളി … ൽ ഇവ രണ്ടിന്റെയും അ
ടിസ്ഥാനത്തിലുള്ള വിവേച … നം നടക്കുന്നതിനെതിരെ
സർക്കാറിന്റെ ഇടപെടലിനേ … ക്കാളേറെ മതത്തിനുള്ളിൽ
പരിഷ്ക്കരണം ഉണ്ടാകുകയാണ് വേണ്ടതെന്നും സമൂഹത്തിനിടയിൽ ഇതിനായുള്ള ഇടപെടൽ വേണമെന്നും കമീഷൻ തെര്യപ്പെടുത്തുന്നു.



■ ജസ്റ്റിസ് രംഗനാഥ മിശ്ര

രാജ്യത്തെ മുസ്‌ലിംകളിൽ മൂന്നിലൊന്നും കക്കൂസ്, വൈദ്യുതി, കുടിവെള്ളം പോലുള്ള അടിസ്ഥാന സൗകര്യങ്ങളില്ലാത്ത ഏറ്റവും താഴ്ന്ന (cutcha) വീടുകളിൽ ജീവിക്കുമ്പോൾ മറുഭാഗത്ത് വീടുകളുടെ വലുപ്പത്തിൽ മുസ്‌ലിംകൾ ആരെക്കാളും മുന്നിലാണെന്നും റിപ്പോർട്ട് കാണിക്കുന്നു. മുസ്‌ലിംകൾ കഴിച്ചാൽ പാഴ്സികളാണ് വീടുകളുടെ വലുപ്പത്തിൽ രണ്ടാം സ്ഥാനത്തുള്ളത്. മുസ്‌ലിംകൾക്കിടയിൽ ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള വിടവ് വർധിച്ചുവരുന്നതിന്റെ വ്യക്തമായ ഉദാഹരണമാണിത്. ശിശുമരണ നിരക്കിലും ബാലമരണ നിരക്കിലും മുസ്‌ലിംകൾ തന്നെയാണ് ഇതര ന്യൂനപക്ഷങ്ങളേക്കാൾ മുന്നിൽ. എന്നാൽ പട്ടിക ജാതി-വർഗങ്ങളേക്കാൾ സ്ഥിതി അൽപം ഭേദമാണെന്ന് മാത്രം. നഗരങ്ങളിലെ ദരിദ്രരിലും മുന്നിൽ മുസ്‌ലിംകളാണ്.

മഹാരാഷ്ട്ര, പഞ്ചാബ്, ഉത്തർപ്രദേശ്, തമിഴ്നാട്, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ 2006-ൽ നടത്തിയ സർവേ അനുസരിച്ച് ശരാശരി മാസവരുമാനത്തിൽ ഏറ്റവും താഴെ നിൽക്കുന്ന ന്യൂനപക്ഷ സമുദായം മുസ്‌ലിംകളും (1832.20 രൂപ) ഏറ്റവും കൂടുതൽ ശരാശരി മാസവരുമാനമുള്ള സമുദായം പാഴ്സികളും (3483.80 രൂപ) ആണ്.

1961-നെ അപേക്ഷിച്ച് 2001-ലെത്തുമ്പോഴേക്കും ന്യൂനപക്ഷങ്ങൾക്കിടയിൽ സ്ത്രീകളിലുണ്ടായ ജനസംഖ്യാ വർധനവ് റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നുണ്ട്. ഇതിന് കാരണം മുസ്‌ലിം സ്ത്രീ ജനസംഖ്യയിലുണ്ടായ വർധനവാണ്. മൂന്ന് പതിറ്റാണ്ടു കൊണ്ട് മൊത്തം ന്യൂനപക്ഷ സ്ത്രീകളിൽ ഇതര സമുദായങ്ങളുടെ സ്ത്രീപ്രാതിനിധ്യം കുറഞ്ഞുവരുമ്പോൾ മുസ്‌ലിം സ്ത്രീകളുടെ എണ്ണം 66.3 ശതമാനത്തിൽനിന്ന് 71.1 ആയി വർധിക്കുകയാണ് ചെയ്തത്. മറ്റു സമുദായങ്ങളിലെ കുറവ് നികത്തിയത് മുസ്‌ലിം സ്ത്രീ സംഖ്യയാണെന്ന് ചുരുക്കം.

ലിംഗപരമായ അനുപാതം കണക്കിലെടുത്താൽ പെൺകുട്ടികൾ ജനിക്കുന്നതിൽ വിവേചനം കാണിക്കാത്തത് മുസ്‌ലിംകൾ മാത്രമാണെന്ന് മിശ്ര കമീഷൻ വ്യക്തമാക്കുന്നു.

ആറു വയസ്സ് വരെയുള്ളവരുടെ ജനസംഖ്യാ അനുപാതം പരിശോധിച്ചതിൽ മുസ്‌ലിംകളുടേതൊഴികെ പെൺകുട്ടികളുടെ എണ്ണം ക്രമാതീതമായി കുറഞ്ഞുവരുന്നതാണ് കാണുന്നത്. എന്നാൽ ഇത്രയും പ്രായപരിധിക്കുള്ളിൽ മുസ്‌ലിംകളിൽ പെൺകുട്ടികളുടെ എണ്ണത്തിൽ ആനുപാതികമായ വർധനവാണുള്ളത്.




ജനസംഖ്യ, അവയുടെ നഗര-ഗ്രാമ വിന്യാസം, ലിംഗപരമായ സങ്കലനം, സാക്ഷരതയും വിദ്യാഭ്യാസ നിലവാരവും, വൈവാഹികാവസ്ഥ, ജീവിതായോധന രീതികൾ എന്നിവയാണ് ന്യൂനപക്ഷ സമുദായങ്ങളുടെ ജീവിത രീതി വ്യക്തമാക്കുന്നതെന്നും ഭൂമിയുടെ കൈവശാവകാശം, വരുമാനത്തിന്റെ ഉറവിടം, ആരോഗ്യാവസ്ഥ എന്നിവ അവരുടെ ജീവിത ഗുണ നിലവാരം വെളിപ്പെടുത്തുന്നുവെന്നും റിപ്പോർട്ട് വിശദീകരിക്കുന്നു. 2001-ലെ സെൻസസ് അനുസരിച്ച് രാജ്യത്തെ മൊത്തം ജനസംഖ്യ 102.86 കോടിയാണ്. ഇതിൽ 82.75 കോടി (80.5%) ഹിന്ദുക്കളും 13.81 കോടി (13.4%) മുസ്‌ലിംകളും 2.41 കോടി (2.3%) ക്രിസ്ത്യാനികളും 1.92 കോടി (1.9%) സിഖുകാരും 79.55 ലക്ഷം (0.8%)ബുദ്ധമതക്കാരും 42.25 ലക്ഷം (0.4%) ജൈനമതക്കാരും 66.39 ലക്ഷം (0.6%) മറ്റുള്ളവരും 7.27 ലക്ഷം (0.1%) മതമില്ലാത്തവരുമാണ്. രാജ്യത്തിന്റെ അഞ്ചിലൊന്ന് ന്യൂനപക്ഷ വിഭാഗങ്ങളാണ്. ഇതിൽ സിഖുകാരല്ലാത്ത ന്യൂനപക്ഷ സമുദായങ്ങളെല്ലാം കൂടുതൽ കേന്ദ്രീകരിച്ചിരിക്കുന്നത് നഗരങ്ങളിലാണ്.

## പൊളിച്ചെഴുത്തിന്റെ പശ്ചാത്തലം

ഇന്ത്യൻ സാമൂഹികാവസ്ഥയുടെ ഘടന രൂപംകൊണ്ടിരിക്കുന്നത് ഏകത്വത്തോടും വൈവിധ്യത്തോടും കൂടിയാണ്. പ്രധാനവും അപ്രധാനവുമായ മത-വംശ-ഭാഷാ ഗ്രൂപ്പുകളുടെ ഒരു സങ്കര സമൂഹമാണിതെന്ന് മിശ്ര കമീഷൻ റിപ്പോർട്ട് പറയുന്നു. സ്വാതന്ത്ര്യലബ്ധിയുടെ നാളുകളിലെ അനുഭവം ഉൾക്കൊണ്ട് രാജ്യത്തിന്റെ സാമൂഹിക-സാമ്പത്തിക വികാസത്തിന് ഭൂതകാലത്തിന്റെ വിവേചനം സമവായത്തിലൂടെ തിരുത്തണമെന്ന് റിപ്പോർട്ട് ആവശ്യപ്പെടുന്നു. ജനങ്ങളുടെ ജീവിത നിലവാരമുയർത്താൻ വളർച്ചയോടൊപ്പം നീതിയുമുണ്ടാകണം.

അതുകൊണ്ടാണ് അസമത്വം വിപാടനം ചെയ്യുന്നതിനുള്ള നിരവധി മാർഗങ്ങൾ ഇന്ത്യൻ ഭരണഘടന മുന്നോട്ടു വെച്ചത്. മതേതരത്വം പുലരണമെങ്കിൽ രാജ്യത്തിന്റെ വൈവിധ്യങ്ങളോട് തുല്യത പാലിക്കാൻ കഴിയണം. സമത്വത്തിന്റെ ഈ ചൈതന്യം തുടിക്കണമെങ്കിൽ ദുർബല വിഭാഗങ്ങൾ ശാക്തീകരിക്കപ്പെടണം. അതിന് ദുർബല വിഭാഗങ്ങൾക്ക് പ്രത്യേക സംവരണം വേണം. ആ അർഥത്തിൽ സമത്വത്തെ നിരാകരിക്കുകയല്ല, ബലപ്പെടുത്തുകയാണ് സംവരണം ചെയ്യുന്നതെന്ന് മിശ്ര കമീഷൻ വ്യക്തമാക്കുന്നു. പല കാരണങ്ങളാലും സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്നവരെ കണ്ടെത്തുന്നതിന് നിലവിലുള്ള ജാതി-ഗോത്ര-വർഗ മാനദണ്ഡങ്ങൾ അപര്യാപ്തമാണ്. വിശ്വസനീയമായ വിവരങ്ങളുടെ അടിസ്ഥാനത്തിലല്ലാതെ ഉണ്ടാക്കിയ നിലവിലുള്ള പട്ടികയുടെ വിശ്വാസ്യതയും ചോദ്യം ചെ

യ്യപ്പെടേണ്ടതാണ്. സംവരണാനുകൂല്യങ്ങൾക്ക് പിന്നാക്കാവസ്ഥ നിർണയിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ പലതും പൊളിച്ചെഴുതാൻ ആവശ്യപ്പെടുന്നതിലേക്ക് നയിച്ച കാരണങ്ങൾ വിശദമായി മിശ്ര റിപ്പോർട്ട് രേഖപ്പെടുത്തുന്നുണ്ട്.

കാകാ സാഹേബ് കലേൽകറുടെ നേതൃത്വത്തിൽ രൂപവൽക്കരിച്ച കമീഷനാണ് സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ ആദ്യ പിന്നാക്ക കമീഷൻ. പട്ടിക ജാതി-വർഗ വിഭാഗങ്ങളിൽപ്പെടാത്ത സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കാവസ്ഥ അനുഭവിക്കുന്ന ജനവിഭാഗങ്ങളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡം നിർണയിക്കുന്നതിനായിരുന്നു 1953-ൽ കാകാ കലേൽകർ കമീഷനെ നിയമിച്ചത്. 1955-ൽ സമർപ്പിച്ച റിപ്പോർട്ടിൽ നാല് മാനദണ്ഡങ്ങളാണ് പിന്നാക്ക വിഭാഗങ്ങളെ കണ്ടെത്തുന്നതിന് കമീഷൻ ശിപാർശ ചെയ്തത്.

1. ഹിന്ദു സമൂഹത്തിലെ പരമ്പരാഗത ജാതി വ്യവസ്ഥയിൽ താഴ്ന്ന സാമൂഹികാവസ്ഥ.

2. ഒരു ജാതിയിലെയും സമുദായത്തിലെയും ഭൂരിഭാഗം പേരിലുമുള്ള വിദ്യാഭ്യാസ മുന്നേറ്റത്തിന്റെ അപര്യാപ്തത.

3. സർക്കാർ സർവീസുകളിൽ പ്രാതിനിധ്യമില്ലായ്മ, അല്ലെങ്കിൽ മതിയായ പ്രാതിനിധ്യക്കുറവ്.

4. വ്യാപാര-വ്യവസായ-വാണിജ്യങ്ങളിൽ മതിയായ പ്രാതിനിധ്യക്കുറവ്.

കാകാ കലേൽക്കർ കമീഷൻ ശിപാർശകൾ സ്വീകരിക്കാതിരുന്ന ഇന്ത്യാ ഗവൺമെന്റ് പ്രശ്നത്തിൽ വിവിധ സംസ്ഥാന സർക്കാറുകൾക്കുള്ള ഭിന്നാഭിപ്രായങ്ങൾ പുറത്തുവിട്ടു.

സാമ്പത്തിക പിന്നാക്കാവസ്ഥ പിന്നാക്കം കണക്കാക്കുന്നതിനുള്ള ഒരു മാനദണ്ഡമായി ഇടം പിടിക്കുന്നത് ഇങ്ങനെ പുറത്തുവിട്ട ചില സംസ്ഥാനങ്ങളുടെ അഭിപ്രായങ്ങളിൽനിന്നാണ്.

1961-ൽ പിന്നാക്കാവസ്ഥ നിർണയിക്കുന്നതിനുള്ള വിവേചനാധികാരം സംസ്ഥാനങ്ങൾക്ക് നൽകിയ കേന്ദ്ര സർക്കാർ ജാതി നോക്കുന്നതിനേക്കാൾ സാമ്പത്തികാവസ്ഥ നോക്കുന്നതാണ് നല്ലതെന്ന് സംസ്ഥാനങ്ങളെ അറിയിക്കുകയും പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയുണ്ടാക്കാൻ സംസ്ഥാനങ്ങളോട് ആവശ്യപ്പെടുകയും ചെയ്തു.

ഇതേ തുടർന്ന് വിവിധ സംസ്ഥാനങ്ങൾ പിന്നാക്കാവസ്ഥയുടെ മാനദണ്ഡങ്ങൾ പഠിക്കാൻ കമീഷനുകളെ നിയമിച്ചു. ഈ കമീഷനുകളും വളരെ വ്യത്യസ്തങ്ങളായ റിപ്പോർട്ടുകളാണ് നൽകിയത്. അതേസമയം ജാതി, പിന്നാക്കാവസ്ഥയുടെ ഒരു ഘടകമാണെന്ന് മിക്ക കമീഷനുകളും ചൂണ്ടിക്കാണിക്കുകയും ചെയ്തു. മറ്റു പിന്നാക്ക മാനദണ്ഡങ്ങളിൽ വിദ്യാഭ്യാസ പിന്നാക്കാവസ്ഥയോടൊപ്പം സാമ്പത്തിക പിന്നാക്കാവസ്ഥയും ചില കമീഷനുകൾ എണ്ണി. സംസ്ഥാന കമീഷനുകളുടെ പല ശിപാർശകളും നിയമയുദ്ധങ്ങൾക്കും വഴിതെളിച്ചു. പല കേസുകളിലും കോടതികൾ ശിപാർശകൾക്കെതിരെ വിധി പുറപ്പെടുവിക്കുകയും ചെയ്തു.

ഈ പശ്ചാത്തലത്തിലാണ് 1979-ൽ ബി.പി മണ്ഡലിന്റെ നേതൃത്വത്തിൽ രാജ്യത്തെ പിന്നാക്ക വിഭാഗങ്ങളെ കണ്ടെത്താനുള്ള രണ്ടാമത്തെ പിന്നാക്ക വർഗ കമീഷനെ കേന്ദ്ര സർക്കാർ നിയോഗിച്ചത്. 1980-ൽ സമർപ്പിച്ച പിന്നാക്ക വിഭാഗങ്ങളുടെ മാഗ്നാകാർട്ടയെന്ന് വിശേഷിപ്പിക്കപ്പെടുന്ന മണ്ഡൽ കമീഷൻ റിപ്പോർട്ട് പൊടിതട്ടിയെടുക്കാൻ പിന്നാക്കക്കാരുടെ 'മിശിഹാ'യായി വി.പി സിംഗ് അധികാരത്തിലേറുന്നതു വരെ ഒരു പതിറ്റാണ്ടിനപ്പുറം കാത്തിരിക്കേണ്ടിവന്നു. അതിന് വി.പി സിംഗ്



കൊടുത്ത വില തന്റെ പ്രധാന മന്ത്രിപദമായിരുന്നുവെന്നത് രാജ്യത്തിന്റെ നാണംകെട്ട ചരിത്രം. പിന്നാക്കാവസ്ഥ നിർണയിക്കുന്നതിന് നാല് സാമൂഹിക മാനദണ്ഡങ്ങളും മൂന്ന് വിദ്യാഭ്യാസ മാനദണ്ഡങ്ങളും നാല് സാമ്പത്തിക മാനദണ്ഡങ്ങളും മണ്ഡൽ കമീഷൻ ശിപാർശ ചെയ്തു.

സാമൂഹിക മാനദണ്ഡങ്ങൾ: 1. സാമൂഹികമായി പിന്നാക്കമായി മറ്റുള്ളവർ കണക്കാക്കുന്ന ജാതി/വർഗം. 2. ജീവിതായോധനത്തിന് പ്രധാനമായും കൈത്തൊഴിലിനെ ആശ്രയിക്കുന്ന ജാതി/വർഗം. 3. 17 വയസിനു താഴെ വിവാഹം നടത്തുന്നവരുടെ കാര്യത്തിൽ സംസ്ഥാന ശരാശരിക്ക് മുകളിൽ, ഗ്രാമ പ്രദേശങ്ങളിൽ ചുരുങ്ങിയത് 25 ശതമാനം സ്ത്രീകളും 10 ശതമാനം പുരുഷന്മാരും നഗര പ്രദേശങ്ങളിൽ 10 ശതമാനം സ്ത്രീകളും 5 ശതമാനം പുരുഷന്മാരുമുള്ള ജാതി/വർഗം. 4. സംസ്ഥാന ശരാശരിക്ക് മുകളിൽ 25 ശതമാനമെങ്കിലും തൊഴിലെടുക്കുന്ന സ്ത്രീകളുള്ള ജാതി/വർഗം.

വിദ്യാഭ്യാസ മാനദണ്ഡങ്ങൾ: സംസ്ഥാന ശരാശരിക്ക് മുകളിൽ 25 ശതമാനമെങ്കിലും (അഞ്ചിനും പതിനഞ്ചിനുമിടയിൽ പ്രായമുള്ള) കുട്ടികൾ ഒരിക്കൽ പോലും സ്കൂളിൽ പോകാത്തവരായുള്ള ജാതി/വർഗം. 2. സംസ്ഥാന ശരാശരിക്ക് മുകളിൽ 25 ശതമാനമെങ്കിലും കുട്ടികൾ (അഞ്ചിനും പതിനഞ്ചിനുമിടയിൽ പ്രായമുള്ള) സ്കൂളിൽനിന്ന് കൊഴിഞ്ഞുപോകുന്നവരായുള്ള ജാതി/വർഗം. 3. മെട്രിക്കുലേഷൻ (എസ്.എസ്.എൽ.സി) യോഗ്യത നേടിയവരുടെ അനുപാതം സംസ്ഥാന ശരാശരിക്ക് താഴെ 25 ശതമാനമെങ്കിലുമുള്ള ജാതി/വർഗം.

സാമ്പത്തിക മാനദണ്ഡങ്ങൾ: 1. കുടുംബ സ്വത്തുക്കളുടെ ശരാശരി മൂല്യത്തിൽ സംസ്ഥാന ശരാശരിക്ക് താഴെ 25 ശതമാനം പേരെങ്കിലുമുള്ള ജാതി/വർഗം. 2. സംസ്ഥാന ശരാശരിക്ക് താഴെ 25 ശതമാനം പേരെങ്കിലും ഏറ്റവും താഴ്ന്ന വീടുകളിൽ താമസിക്കുന്നവരായുള്ള ജാതി/വർഗം. 3. 50 ശതമാനമെങ്കിലും പേർ കുടിവെള്ളത്തിന് അര കിലോമീറ്ററിനപ്പുറം ആശ്രയിക്കേണ്ടിവരുന്നവരായുള്ള ജാതി/വർഗം. 4. സംസ്ഥാന ശരാശരിക്ക് മുകളിൽ 25 ശതമാനമെങ്കിലും വീട്ടുകാർ ചെലവിന് വായ്പ വാങ്ങുന്നവരായുള്ള ജാതി/വർഗം.

പിന്നാക്കാവസ്ഥയുടെ മാനദണ്ഡങ്ങളായി എണ്ണിപ്പറഞ്ഞ 11 ക്ലേശ ഘടകങ്ങൾക്കും വ്യത്യസ്ത വെയിറ്റേജ് നൽകുകയും ചെയ്തു. സാമൂഹിക മാനദണ്ഡങ്ങളായി ഗണിച്ച നാല് ക്ലേശ ഘടകങ്ങൾക്ക് മൂന്ന് പോയിന്റും വിദ്യാഭ്യാസ മാനദണ്ഡങ്ങളായി ഗണിച്ച മൂന്ന് ക്ലേശ ഘടകങ്ങൾക്ക് രണ്ട് പോയിന്റും സാമ്പത്തിക മാനദണ്ഡങ്ങളായി ഗണിച്ച നാല് ക്ലേശ ഘടകങ്ങൾക്ക് ഒരു പോയിന്റ് വീതവുമാണ് വെയിറ്റേജ് കണക്കാക്കിയത്. സംവരണത്തിന്റെ മാനദണ്ഡങ്ങളിൽ ഏറ്റവും ഒടുവിൽ പരിഗണിക്കേണ്ട ഒന്നാണ് സാമ്പത്തിക ഘടകമെന്ന് മണ്ഡലിന്റെ മുൻഗണനാക്രമം വ്യക്തമാക്കുന്നു. ഇങ്ങനെ കണക്ക് കൂട്ടുന്ന ടോട്ടൽ വെയിറ്റേജിൽ 50 ശതമാനമെങ്കിലും നേടുന്ന

വരെ പിന്നാക്ക ജാതിക്കാരായി ഗണിക്കുകയാണ് മണ്ഡൽ കമീഷൻ ചെയ്തത്.

എന്നാൽ മണ്ഡൽ കമീഷൻ റിപ്പോർട്ട് പരിമിതമായ സർവേയുടെയും തെറ്റായ സാമ്പിൾ സൈസിന്റെയും അടിസ്ഥാനത്തിലുള്ളതായിരുന്നുവെന്ന് രംഗനാഥ മിശ്ര കമീഷൻ റിപ്പോർട്ട് വിമർശിക്കുന്നു(വാള്യം ഒന്ന് പേജ് 61). 405 ജില്ലകളിലെ ഓരോ ജില്ലയിൽനിന്നും രണ്ട് വില്ലേജുകളും ഒരു നഗര ബ്ലോക്കും തെരഞ്ഞെടുത്ത് വിവരം ശേഖരിച്ചതിനാൽ വലിയൊരു വിഭാഗം പഠനത്തിൽനിന്ന് പുറത്തായി, മണ്ഡൽ റിപ്പോർട്ടിലെ 11 മാനദണ്ഡങ്ങളിൽ പലതും അസ്ഥിരവും അശാസ്ത്രീയവുമാണ് എന്നിങ്ങനെ അതിന് ചില ന്യായങ്ങളും രംഗനാഥ് മിശ്ര റിപ്പോർട്ട് നിരത്തുന്നു. മണ്ഡൽ കമീഷൻ റിപ്പോർട്ട് ജാതി അടിസ്ഥാനമാക്കിയുള്ള മാനദണ്ഡത്തിന് മുന്നോട്ടു വെച്ച വ്യവസ്ഥകൾ അഹിന്ദുക്കൾക്ക് അനുയോജ്യമായിരുന്നില്ലെന്ന മിശ്ര റിപ്പോർട്ടിലെ വിമർശമാണ് ഏറ്റവും പ്രധാനം.

മണ്ഡലിന്റെ അനുബന്ധമായി പറയേണ്ട സാമൂഹിക മാറ്റത്തിന്റെ ഉൽപ്രേരകമായിരുന്നു ഇന്ദിരാ സാഹ്നി കേസിൽ 1992-ൽ സുപ്രീം കോടതിയുടെ ഒമ്പതംഗ സ്പെഷ്യൽ ബെഞ്ച് പുറപ്പെടുവിച്ച ചരിത്ര പ്രധാന വിധി. ഈ വിധിയിൽ പരമോന്നത കോടതി സാമ്പത്തിക പിന്നാക്കാവസ്ഥ സാമൂഹിക-വിദ്യാഭ്യാസ പിന്നാക്കാവസ്ഥകളുമായി ബന്ധപ്പെട്ടു കിടക്കുന്നതാണെന്ന വിലയിരുത്തലിലാണെത്തിയത്. ഈ വിധിയുടെ മാർഗ നിർദേശമനുസരിച്ച് കേന്ദ്ര സർക്കാറും സംസ്ഥാന സർക്കാറുകളും കമീഷനുകളെയും കമ്മിറ്റികളെയും നിയോഗിക്കുകയും അവയെല്ലാം വ്യത്യസ്ത തരത്തിൽ മാനദണ്ഡങ്ങൾ തീരുമാനിക്കുകയും ചെയ്തു. സംസ്ഥാനങ്ങളിൽ വലിയൊരു പങ്കും മണ്ഡൽ കമീഷന്റെ 11 ക്ലേശ ഘടകങ്ങളാണ് മാനദണ്ഡമാക്കിയത്. മണ്ഡൽ കമീഷന്റെയും ഇന്ദിരാ സാഹ്നി കേസിന്റെയും പരിണത ഫലമാണ് 1993-ലെ ദേശീയ പിന്നാക്ക വർഗ കമീഷൻ നിയമം. ദേശീയ പിന്നാക്ക കമീഷനും പിന്നാക്കാവസ്ഥ നിർണയിക്കുന്നതിന് സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ മാർഗ നിർദേശങ്ങളിറക്കി. 1993-ൽ തന്നെ 1238 ജാതികളെ ഉൾപ്പെടുത്തി പിന്നാക്കക്കാരുടെ പട്ടികയുണ്ടാക്കി കേന്ദ്രം നോട്ടിഫിക്കേഷനും പ്രസിദ്ധപ്പെടുത്തി.

മണ്ഡൽ കമീഷൻ റിപ്പോർട്ടാണ് രാജ്യത്ത് ഇന്ന് നിലനിൽക്കുന്ന സംവരണ വ്യവസ്ഥയുടെ കാതൽ. ആ നിലയിലാണ് മണ്ഡൽ കമീഷൻ റിപ്പോർട്ടിനെ വിമർശനാത്മകമായി മിശ്ര കമീഷൻ റിപ്പോർട്ട് വിലയിരുത്തുന്നത്. കൂടുതൽ സ്ത്രീകൾ തൊഴിലെടുക്കുന്നത് ജാതിയുടെ പിന്നാക്കാവസ്ഥക്ക് തെളിവായിപ്പറയുന്ന കാലത്താണ് മണ്ഡൽ കമീഷൻ റിപ്പോർട്ട് സമർപ്പിച്ചതെന്ന് ഈ വിമർശനങ്ങൾക്കൊപ്പം നാം ചേർത്തു വായിക്കണം. ■

**അടുത്ത ലക്കത്തിൽ അവസാനിക്കും**